(ബി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ജനകീയാസൂത്രണ പരിപാടികളുടെ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് ഓരോ സാമ്പത്തിക വർഷവും അവലോകനം ചെയ്യാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ) നടപ്പു വർഷത്തെ ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിനായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് നവംബർ 30 വരെ യഥാക്രമം 2778.69 ലക്ഷം രൂപയും, 1372.91 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് നവംബർ 30 വരെ 15143.378 ലക്ഷം രൂപ നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതി നിർവഹണ അവലോകനം പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപസമിതി നിർവഹണ അവലോകനം നടന്നു വരികയാണ്. പുരോഗതിയെ സംബന്ധിച്ച സമഗ്രമായ വിവരം ശേഖരിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പുവർഷം 14441.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1997-98, 1998-99 വാർഷിക പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 1999-2000 വാർഷിക പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

126 (683) ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച തുക

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പത്തനംതിട്ട ജില്ലയിലെ കോയിപ്രം പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 1999-2000 വർഷത്തേയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ 1999 നവംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഓരോ മേഖലയ്ക്കും അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) 1998-99-ൽ പ്രസ്തുത പഞ്ചായത്തിലേയ്ക്ക് അനുവദിച്ച മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടോ;

(എഫ്) അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 54.79 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 10,38,976 രൂപ

(സി) 1. സ്പിൽ ഓവർ ഉൾപ്പെടെ ഉല്പാദന മേഖലയ്ക്ക് അനുവദിച്ച തുക 1601862 രൂപ. ചെലവഴിച്ച തുക : 259794 രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. സേവനമേഖലയ്ക്ക് അനുവദിച്ച തുക : 3770544 രൂപ.
ചെലവഴിച്ച തുക : 288272 രൂപ

3. പഞ്ചായത്ത്തല മേഖലയ്ക്ക്
അനുവദിച്ച തുക : 1897500 രൂപ
ചെലവഴിച്ച തുക : 487410 രൂപ

(ഡി) ഉണ്ട്.

(ഇ) ഉണ്ട്

(എഫ്) 98-99-ൽ 100% ഉം 99-2000 വർഷത്തിൽ 18.9% വും ചെലവാക്കിയിട്ടുണ്ട്.

127 (684) ജനകീയാസൂത്രണ പരിപാടി നടത്തിപ്പിലെ പരാതികൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജനകീയാസൂത്രണ പരിപാടി നടത്തിപ്പിൽ അവിടുത്തെ ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും ആവശ്യമെങ്കിൽ പ്രാഥമികാന്വേഷണം നടത്തുന്നതിനും അതത് പഞ്ചായത്തുകളോ അല്ലെങ്കിൽ ആ വകുപ്പിലെതന്നെ ഉദ്യോഗസ്ഥരോ അല്ലാതെ പുറത്തുനിന്നുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരോ, അന്വേഷണ ഏജൻസികളോ ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ജനകീയാസൂത്രണ പരിപാടി ഫലപ്രദമാക്കുന്നതിന് ബ്ലോക്കടിസ്ഥാനത്തിലെങ്കിലും ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; താഴെ തട്ടിലുള്ള പരാതികൾ പരിഹരിക്കുന്നതിന് താഴെത്തട്ടിൽതന്നെ ആവശ്യമായ പ്രിലിമിനറി സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്. 17.3.98-ലെ സ.ഉ.(പി) നമ്പർ 54/98/തദ്ദേവ. പ്രകാരം ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളേയും സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ജില്ലാതലത്തിൽ കലക്ടർ അദ്ധ്യക്ഷനായും ജില്ലാതല വിദഗ്ദ്ധസമിതിയിലെ സീനിയറായ അനൗദ്യോഗിക അംഗം, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവയെ സംബന്ധിച്ച് പരാതികൾ സ്വീകരിക്കുവാൻ തദ്ദേശഭരണവകുപ്പു സെക്രട്ടറി, പ്ലാനിംഗ് വകുപ്പു സെക്രട്ടറി, സംസ്ഥാനാസൂത്രണ ബോർഡിലെ മെമ്പർ, വികേന്ദ്രീകരണം, ആസൂത്രണം എന്നിവർ ഉൾപ്പെട്ട സംസ്ഥാനതല പരാതി അന്വേഷണസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ടി സമിതികൾക്ക് യുക്തമെന്ന് തോന്നുന്ന രീതിയിൽ അന്വേഷണം നടത്തുവാൻ അധികാരമുണ്ട്. കൂടാതെ സാങ്കേതിക ആഡിറ്റ് പാനലും നിലവിലുണ്ട്. ആവശ്യമായ കേസ്സുകളിൽ വിജിലൻസ് അന്വേഷണവും നടത്തിവരുന്നു.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly